**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1322** **03-02-2026 - ൽ മറുപടിയ്ക്ക്**

**കളിയാംവള്ളി പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിലെ മുട്ടുങ്ങൾ-നാദാപുരം സ്റ്റേറ്റ് ഹൈവേയിലൂടെ കടന്ന് പോകുന്ന കളിയാംവള്ളി പാലത്തിന്റെ നിർമ്മാണപുരോഗതി അറിയിക്കാമോ? | (എ) | വടകര മാഹി കനാലിന് കുറുകെയുള്ള കളിയാംവള്ളി പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തിക്കായുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് അറിയിച്ചിട്ടുണ്ട്. പ്രവൃത്തിസ്ഥലം കരാറുകാരന് 25/09/2025 ൽ കൈമാറിയിട്ടുള്ളതും മരങ്ങൾ മുറിച്ച് മാറ്റി പ്രവൃത്തി സ്ഥലം വൃത്തിയാക്കിയിട്ടുള്ളതുമാണ്. ഫെബ്രുവരി രണ്ടാം വാരത്തോടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ